# പറന്നുയരാൻ

*digital magazine*



Little kites(2018-2019)

## K A H H S Kottopadam




# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

# ഉള്ളടക്കം


| | |
|---|---|
| വിദ്യാലയത്തെ കുറിച്ച് | 8 |
| പുച്ഛഭാവം | 9 |
| ചെലവു കുറച്ചു | 10 |
| ഫാസ്റ്റ് ഫുഡ് ! | 11 |
| പൂവ് | 12 |
| പഴംഞ്ചൊല്ലുകൾ | 13 |
| ഞാൻ | 14 |
| ജനാലക്കാഴചകൾ | 15 |
| കോട്ടോപ്പാടം ഞങ്ങളുടെ ഗ്രാമം | 16 |
| അമ്മയില്ലാത്ത ജീവിതം | 17-18 |
| ഗാന്ധിജി നട്ട മാവ് | 19 |
| THE ANT AND THE DOVE | 20 |
| Hindi proverbs | 21 |
| *കടങ്കഥകൾ* | 22 |

..........................................................................................................................................8

# നന്ദി

ഡിജ്ജിറ്റൽ മാഗസിൻ തയ്യാറാക്കാൻ

ഞങ്ങളെ സഹായിക്കുകയും

സഹകരിക്കുകയും ചെയ്ത

എല്ലാവർക്കും നന്ദി

# എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| എഡിറ്റർ | : | നജ്‌ല സാലിഹ |
| സബ് എഡിറ്റർ | : | ഷഫ്ന,സബീൽ |
| അംഗങ്ങൾ | : | ഫർസാദ് |
| | | ഷഹ്മ |
| | | നാജിയ ഷെറിൻ |
| | | മുഹമ്മദ് മാജിദ് |
| | | അഫീഫ |

# ആശംസ

കല്ലടി അബ്ദു ഹാജി ഹൈസ്കൂളിലെ പ്രഥമ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് പറന്നുയരാൻ .വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ അറിയാനും തങ്ങളുടെ കഴിവുകൾ സമൂഹത്തിനു പ്രയോജനമാകും വിധം ഉപയോഗപ്പെടുത്താനും കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആദ്യ പടിയാണ് ഈ മാഗസിൻ .

മാഗസിന് എല്ലവിധ ആശംസകളും നേരുന്നു ..

ഹെഡ് മാസ്റ്റർ &സ്റ്റാഫ്

# എഡിറ്റോറിയൽ

ഇത് ഒരു തുടക്കമാണ്.പിഴവുകൾ ഉണ്ടാവാം.
അൽപം പുറകിലുമായേക്കാം. പക്ഷേ തളരില്ല. മുന്നേറുമെന്ന്
ഉറപ്പാണ്. പുത്തൻ അറിവുകൾ സ്വായത്തമാക്കികാലത്തിനൊപ്പം
മുന്നേറാൻ ഞങ്ങൾ സജ്ജരാണ്.

ലിറ്റിൽ കൈറ്റ്സ്
കെ.എ.എച്ച്.എച്ച്.എസ്.കോട്ടോപ്പാടം

# വിദ്യാലയത്തെ കുറിച്ച്

വടക്കൻ മലയെന്ന് ഞങ്ങൾ വിളിക്കുന്ന പശ്ചിമഘട്ട മലനിരകളുടെ അടിവാരത്താണ് ഞങ്ങളുടെ ഗ്രാമമായ കോട്ടോപ്പാടം. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂളായ ഞങ്ങളുടെ വിദ്യാലയം ശ്രീ കല്ലടി അബ്ദുഹാജിയുടെ ശ്രമഫലമായി സ്ഥാപിതമായി. അദ്ദേഹത്തിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന വിദ്യാലയം രണ്ടു ഡിവിഷനുകളിൽ നിന്ന് തുടങ്ങി ഇന്ന് യു.പി ,ഹയർ സെക്കൻഡറി അടക്കം ഒരു വലിയ സ്ഥാപനമായി വളർന്നിരിക്കുന്നു. തികച്ചും അവികസിത പ്രദേശമായിരുന്ന കോട്ടോപ്പാടത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്കാരിക മേഖലകളിൽ ഉണ്ടാക്കിയ മാറ്റം അത്ഭുതാവഹമാണ്. വ്യത്യസ്ത മേഖലകളിൽ കഴിവു തെളിയിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥികളെ കുറിച്ചു പറയുമ്പോൾ ഒളിമ്പ്യൻ കുഞ്ഞു മുഹമ്മദിനെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. പാഠ്യ-പാഠ്യേതര മേഖലകളിൽ മികവു പുലർത്തുന്ന വിദ്യാലയത്തിന്റെ വളർച്ചയിൽ അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ഒരുപോലെ ശ്രദ്ധ പുലർത്തുന്നു.

# പുച്ഛഭാവം

ആശുപത്രിയിലെ ക്യാൻസർ കിടക്കയിൽ കിടന്ന്
കിതച്ച് കുരക്കുന്ന നിന്റെ വികൃത-
മുഖത്തെ പുച്ഛത്തോടെ -
ആളുകൾ നോക്കണ്ടായിരുന്നുവെങ്കിൽ
ഇതിന് മുമ്പായി നിന്റെ
ഹൃദയത്തെ കറ പിടിപ്പിച്ച
അതിലെ ദയയെ വറ്റിച്ചെടുത്ത
സിഗരറ്റ് പാക്കറ്റുകളെ നീ-
പുച്ഛത്തോടെ നോക്കണമായിരുന്നു.

ഖാജാ ഹസൈൻ
10G

# ചെലവു കുറച്ചു

മഹാ പിശുക്കനായ രാജു മുതലാളിയുടെ മകനാണ് ഇതിലും പിശുക്കനായ രാമു.രാജുവിന്റെഅറുപതാം പിറന്നാളായി. അറുപതായി എന്ന് നാട്ടുകാരെ അറിയിക്കുകയും വേണം സദ്യ നടത്താൻ പണം ചെലവാക്കാനും വയ്യ !അതിനെന്താ വഴി?

രാജു മകനോട് പറഞ്ഞു:"ഏറ്റവും കുറഞ്ഞ ചെലവിൽ പത്രത്തിലൊരു പരസ്യം കൊടുക്ക്. ഇന്ന് രാജുവിന്റെ അറുപതാം പിറന്നാൾ എന്നുമാത്രം മതി." രാമു സമ്മതിച്ചു.

പിറ്റേന്ന് രാവിലെ ഒരാൾ ചിരിച്ചുകൊണ്ടു വന്നു. "രാജു എന്നയാളെ വാടകയ്ക്ക് കൊടുക്കുന്നുണ്ട് എന്നറിഞ്ഞ് വന്നതാ...." രാജുവിന് കാര്യം മനസ്സിലായില്ല. വന്നയാൾ പത്രത്തിലെ പരസ്യം കാണിച്ചു:'ഇന്ന് രാജുവിന്റെ അറുപതാം പിറന്നാൾ . വാടകയ്ക്കുകൊടക്കപ്പെടും.'

"എന്താടാ ഇത്?" രാജു മകനെ നോക്കി അലറി. രാമു ഗമയിൽ പറഞ്ഞു: "ചിലവ് കുറയ്ക്കാൻ വേണ്ടി പിറന്നാൾ പരസ്യവും വീട് വാടകയ്ക്ക് കൊടുക്കാനുള്ള പരസ്യവും ഒന്നിച്ച് കൊടുത്തതാ!"

# ഫാസ്റ്റ് ഫുഡ് !

"ഫാസ്റ്റ് ഫുഡ് വാങ്ങാൻ

പുലി വന്നപ്പോൾ
പായുകയാണോ മുയലച്ചാ?
കടയിൽ നിനക്കൊരു
പണി ഞാൻ തന്നതു
തടി തപ്പാനോ തടിമാടാ?"

"പുലിയെത്തുമ്പോൾ
പാഞ്ഞില്ലെ ങ്കി ൽ
പുലിവാലാകും പൊന്നച്ചാ
ഫാസ്റ്റായോടും
ഞാനാണവന്റെ
'ഫാസ്റ്റ് ഫുഡ് ' എന്റെ കുരങ്ങച്ചാ !

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നലും വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതു മഴയിൽ ഇതളും പൊഴിയ്ക്കല്ലേ
ഒരിതളും നീ പൊഴിയ്ക്കല്ലേ ....
പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ
വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി മറയ്ക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണെ .....
നിന്നോടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണെ
അത്, പൂന്തേനുണ്ണാനണയുവതാണേ (പൂവേ ....)
നിന്നെ കാണാനെന്നും കൊതിയാണേ ...
എനിക്കു നിന്നെ കാണാനെന്നും കൊതിയാണേ .........

# പഴംചൊല്ലുകൾ

*പുകഞ്ഞ കൊള്ളി പുറത്ത്

* മുളയിലറിയാം വിള

*നിലമറിഞ്ഞേ വിത്തിടാവൂ

*വിളപുറത്തിട്ട് വിത്തിടാവൂ

*പ്രധാനപ്പെട്ടതിനെ പുറം തള്ളരുത്

*ഒരു വെടിക്ക് രണ്ട് പക്ഷി

*പലതുള്ളി പെരുവെള്ളം

*പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല

*പഴംചൊല്ലിൽ പതിരില്ല

*വടികൊടുത്ത് അടി വാങ്ങരുത്

*കാക്ക കുളിച്ചാൽ കൊക്കാകില്ല

*അടി തെറ്റിയാൽ ആനയും വീഴും

*ഗതികെട്ടാൽ പുലി പല്ലും തിന്നും

*എല്ലു മുറിയെ പണിയെടുത്താൽ പല്ലു മുറിയെ തിന്നാം

*ഐക്യ മത്യം മഹാബലം

# ഞാൻ

കാറ്റില്ലാത്ത നേരത്ത് -
കാറ്റായ് വരുന്നു ഞാൻ
മഴയില്ലാത്ത സമയത്ത്-
മഴയായ് വരുന്നു ഞാൻ
വെയിലില്ലാത്ത കാലത്ത്-
വെയിലായ് വരുന്നു ഞാൻ
മഞ്ഞില്ലാത്ത നേരത്ത് -
മഞ്ഞായ് വരുന്നു ഞാൻ
അറിയുക
നിങ്ങൾ ആരെയാണ
കൂടുതൽ സ്നേഹിക്കുന്നത്
അവർ തന്നെയാണ് ഞാൻ

ഹന്ന
൯C

## ജനാലക്കാഴചകൾ

എന്നും ഞാൻ ഉണരുമ്പോൾ
എൻ ജനാലക്കരികിൽ ഞാൻ നിൽക്കുമ്പോൾ
എൻ കാതിലെത്തുന്ന കുഴലിന്റെ മീട്ടലും
എൻ ഓമന തത്തയുടെ ചിലക്കലും

സൂര്യനാകുന്ന തൂവെള്ളി വെളിച്ചവും
സുന്ദരി ചമഞ്ഞു നിൽക്കുന്ന റോസാ മൊട്ടും
സന്തോഷഭംഗിയിൽ മനം കുളിർത്തു
സ്നേഹം തുടിച്ചു ഞാൻ ആ ഭംഗിയൊന്ന് നോക്കി

വീട്ടിൽ മുറ്റത്തിട്ട നെൽ മണികൾ
വാരിപ്പെറുക്കാനായി കൂട്ടംചേർന്നെത്തിടുന്ന
വാലിട്ട പൂവൻകോഴിതൻ കൂട്ടങ്ങൾ
വായിട്ടലക്കുന്ന കുഞ്ഞിക്കോഴികൾ

ഫാത്തിമത്തുൽനിയ

# കോട്ടോപ്പാടം ഞങ്ങളുടെ ഗ്രാമം

സ്ഥാനം -10.59$^{0}$N 76.23$^{0}$N

ഭൂമി ശാസ്ത്ര പ്രാധാന്യം - ഗ്രാമ പഞ്ചായത്ത്

രാജ്യം - ഇന്ത്യ

സംസ്ഥാനം - കേരളം

ജില്ല- പാലക്കാട്

താലൂക്ക് -മണ്ണാർക്കാട്

വിസ്തീർണ്ണം -79.81 ച.കി.മീ

വാർഡുകൾ -22 എണ്ണം

ജനസംഖ്യ -31832

തപാൽ -678583

ടെലഫോൺ -04924262460

പ്രധാന ആകർഷണങ്ങൾ : ഫോറസ്റ്റ് കന്നുകാലി
ഗവേഷണ കേന്ദ്രം,
തിരുവിഴാംകുന്ന്

# അമ്മയില്ലാത്ത ജീവിതം

അന്തരീക്ഷത്തിൽപൊടിപറത്തി-ക്കൊണ്ട് ഒരു വലിയ കാർ പാഞ്ഞു വന്നു. അതൊരു ചെറിയ ഓടിട്ട വീടിന്റെ മുന്നിൽ നിർത്തി. കാറിന്റെ ഡോർ തുറന്നുകൊണ്ട് 12 വയസ്സായ ഒരാൺ കുട്ടി പുറത്തിറങ്ങി. പിന്നാലെ അവന്റെ അച്ഛനും. അന്തരീക്ഷത്തിലെ ചൂടും പൊടിയും കാരണം അച്ഛൻ ഇടവിട്ട് ഇടവിട്ട് ചുമച്ചുകൊണ്ടിരുന്നു. മകൻ അച്ഛനെ നോക്കി. എന്നിട്ട് മധുര-സ്വരത്തിൽ പറഞ്ഞു.

" അച്ഛാ.......അമ്മ! "

അച്ഛൻ അവന്റെ തലയിൽ കൈകൊണ്ട് തലോടി. അയാൾ പോക്കറ്റിൽ കയ്യിട്ട് ആവീടിന്റെ താക്കോൽ തപ്പിയെടുത്തു. എന്നിട്ട് പടി കയറി വീടിന്റെ വാതിൽ പതിയെ തുറന്നു. വീട്ടിലേക്ക് അവരെ സ്വീകരിച്ചത് മൂടിക്കെട്ടിയ മാറാലയായിരുന്നു. അച്ഛനും മകനും അതിനിടയിലൂടെ അകത്ത് കയറി . ഓരോ മുറിയുടേയും വാതിൽ തുറന്ന് എന്തൊക്കെയോ തപ്പിക്കൊണ്ടിരുന്നു. ആ മൗനമായ തിരച്ചിൽ മകനെ മുശിപ്പു വരുത്തി. അവൻ അവിടെ നിന്നും അടുക്കള ഭാഗത്തുള്ള ജനാലക്കരികിൽ പോയി നിന്നു. പ്രകൃതിയെ നോക്കിക്കൊണ്ട് അവൻ തന്റെ പഴയ കാലം ഓർമിച്ചു.

'തോരാത്ത മഴയുള്ള ആ ദിവസം രാത്രി 12:30 ആയിക്കാണും. അച്ഛൻ വരുന്നതും കാത്ത് അമ്മയോടൊപ്പം അടുക്കളയിൽ ജനാലക്ക് ചാരി ഇരിക്കുകയായിരുന്നു. മഴത്തുള്ളികൾ ജനാലയിലൂടെ അനുവാദമില്ലാതെ അകത്തേക്ക് കയറി വന്നു. സമയം ഒഴുകിപ്പോയി. പെട്ടെന്ന് വാതിലിൽ മുട്ട് കേട്ടു. അവൻ ഓടിപ്പോയി വാതിൽ തുറന്നു. പക്ഷേ അച്ഛനു പകരം അവൻ കണ്ടത് മുഖംമൂടി ധരിച്ച രണ്ടാളുകളെയാണ്. പുറകിൽ നിൽക്കുന്ന അമ്മയും

സ്തംഭിച്ചിരിക്കുന്നു. ആ കള്ളന്മാർ അവനെ വലിച്ച് പുറത്തിട്ടു. പിന്നെ അമ്മയേയും. എന്താണ് സംഭവിക്കുന്നതെന്നറിയാതെ അവൻ പേടിച്ചിരുന്നു. അമ്മ അലറിക്കരഞ്ഞുകൊണ്ട് അകത്തേക്കോടി കയറി. പിന്നീട് ഒരു മൗനം.ആ മൗനത്തെ തകർത്തുകൊണ്ട് അമ്മയുടെ കരച്ചിൽ വീണ്ടും കേൾക്കാമായിരുന്നു. അവൻ വേഗം അവിടെ നിന്നും ഓടി മറഞ്ഞു. ഒരുമരത്തിന്റെ പുറകിലൊളിച്ചു. കള്ളന്മാർ അവനെ ഒര്പാട് തിരഞ്ഞു. കാണാതായപ്പോൾ അവർ ഓടിപ്പോയി. അവർ പോയി എന്നുറപ്പായപ്പോൾ മകൻ ഓടിച്ചെന്ന് വീടിനകത്ത് കയറി. ഇടിവെട്ടേറ്റതു പോലെ അവൻ നിന്നു പോയി. ദേഹമാസകലം മുറിവേറ്റുകൊണ്ട് തന്റെ അമ്മ നിലത്തു കിടന്ന് പിടയുന്നു. ചോരയിൽ കുളിച്ച അമ്മയെ അവൻ അറിയാതെ ചുംബിച്ചു പോയി.

"മകനെ ഞാ....ൻ....പോവ്വാ....."

"അമ്മേ......."

അമ്മയുടെ മരണവും അച്ഛന്റെ വരവും ഒപ്പമായിരുന്നു. മഴകാരണം വെള്ളത്താൽ കുളിച്ച അച്ഛനും കള്ളന്മാർ കാരണം ചോരയിൽ കുളിച്ച അമ്മയും '

പുറത്ത് അച്ഛൻ വന്ന് തട്ടിയപ്പോഴാണ് മകൻ ഓർമയിൽ നിന്നും ഉണർന്നത്. ജനാലക്കമ്പിയിൽ നിന്നും പിടിവിട്ട് കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ തുള്ളിയെ അവൻ തുടച്ചുനീക്കി.

"നമുക്ക് പോവണ്ടേ മോനേ....?"

"ഉം...."

അച്ഛനും മകനും കാറിൽ കയറി യാത്രയായി. അവൻ തല പുറത്തേക്കിട്ട് വീടിനെ നോക്കി. ഇടിഞ്ഞുവീഴാറായ വീടിനുമുന്നിൽ തന്റെ അമ്മ ഇളം പുഞ്ചിരിയോടെ നിൽക്കുന്നതായി അവന് തോന്നി.

സിനിയ.പി.പി
9C

# ഗാന്ധിജി നട്ട മാവ്

അധഃസ്ഥിതരുടെ ഉന്നമനത്തിനായി സംഭാവന ശേഖരിക്കാനുള്ള പര്യടനത്തിനിടയിൽ ഗാന്ധിജി സാമൂഹിക പരിഷ്കർത്താവും ശ്രീ നാരായണ ഗുരുവിന്റെ ശിഷ്യനുമായ സ്വാമി ആനന്ദ തീർത്ഥന്റെ പയ്യന്നൂരുള്ള ആശ്രമം സന്ദർശിക്കുകയുണ്ടായി .സ്വാമിജിയുടെ അഭ്യർത്ഥന മാനിച്ച് ആശ്രമ മുറ്റത്ത് ഗാന്ധിജി ഒരു മാവിൻ തൈ നട്ടു . 1 9 3 4 ജനുവരി 1 2 ന് ഗാന്ധിജി നട്ട ആ മാവിൻ തൈ വളർന്ന് പന്തലിച്ച് ഇന്നും കായ്ച്ചു നിൽക്കുന്നു ."ഗാന്ധി മാവ് "എന്നറിയപ്പെടുന്ന ഈ മാവിന്റെ പുതിയ തൈകൾ കേരളത്തിനകത്തും പുറത്തും ഗാന്ധിജിയുടെ ഓർമക്കായി നട്ടു പിടിപ്പിച്ചു വരുന്നു .

ഷബാന .എ

6A

# THE ANT AND THE DOVE

Standing on the edge of the well,the fox some how slipped and fell into the water . It was a disused well. So nobody came up to take water. Many animals passed that way,but no one noticed the fox.

Fortunately to him a goat- came to his help. It came that way being thirsty. He looked down and saw the fox in the well. The fox was very happy to see the goat looking down at him. With the help of the goat the fox escaped.

# Hindi proverbs

*कंगन को आरसी क्या*

*जान है तो जहान है*

*जंगल में मोर नाचा किस ने देखा*

*जिस की लाठी उसकी भैंस*

*घर का भेदी लंका ढाये*

# കടങ്കഥകൾ

1. അണിയാനാവില്ല എടുത്തുപോകാനുമാവില്ല ഏതാണീ വെള്ളിത്താലി?

ans     നിലത്തുവരച്ച കോലം

2.അച്ഛൻ സൂര്യൻ ;അമ്മ സമുദ്രം കുടിൽ തൊട്ട് കൊട്ടാരം വരെ പ്രവേശനം ഉണ്ട് കുറഞ്ഞാലും തെറ്റ് കൂടിയാലും തെറ്റ്?

ans    ഉപ്പ്

3.അവിടെ കുത്തി ഇവിടെ കുത്തി അമ്പലം കടത്തി കുത്തി ?

ans ഞാറുനടുന്നത്

4.അമ്മയിലുണ്ട് കമ്മലിലില്ല കുഞ്ഞിലുണ്ട് കുട്ടയിലില്ല .എലിയിലുണ്ട് ഏണിയിലില്ല മൂന്നക്ഷരമുള്ള ഞാൻ ആര് ?

ans  ആഞ്ഞിലി



**ലിറ്റിൽ കൈറ്റ് അംഗങ്ങൾ**